നെയ്യാറിൻകര താലൂക്ക്

ഏറ്റവും വലിയ വില്ലേജ്—കള്ളിക്കാട്
വിസ്തീർണ്ണം—11196.41 ഹെക്ടർ
ഏറ്റവും ചെറിയ വില്ലേജ്—കരിംകുളം
വിസ്തീർണ്ണം—1279.1635 ഹെക്ടർ

ചിറയിൻകീഴ് താലൂക്ക്

ഏറ്റവും വലിയ വില്ലേജ്—നാവായിക്കുളം
വിസ്തീർണ്ണം—2823.5 ഹെക്ടർ
ഏറ്റവും ചെറിയ വില്ലേജ്—കിഴാറ്റിങ്ങൽ
വിസ്തീർണ്ണം—768.94 ഹെക്ടർ

(ബി) മറ്റു ജില്ലകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

ശമ്പളം കിട്ടിയിട്ടില്ലെന്ന പരാതി

1274 [2050] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി താലൂക്കാഫീസിലെ സൂപ്പർ ന്യൂമററി ചെയിൻമാൻമാർക്ക് 1978 സെപ്റ്റംബർ 1 മുതൽ 28-2-1979 വരെയുള്ള കാലത്തേക്ക് ശമ്പളം കിട്ടിയിട്ടില്ലെന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ശമ്പളം കിട്ടാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) താഴ്ന്ന വരുമാനക്കാരായ ഈ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുവേണ്ട സത്വരനടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജോലി തീർന്നതുമൂലം നിർത്തലാക്കപ്പെട്ട ചില തസ്തികകൾ സൂപ്പർ ന്യൂമററിയായി പ്രഖ്യാപിക്കപ്പെടുന്ന നടപടിയിൽ കാലതാമസം വന്നതുകൊണ്ട് ശമ്പളം കിട്ടാൻ താമസമുണ്ടായി.

(സി) ശമ്പളം ലഭിക്കുന്നതിനുവേണ്ട ഉത്തരവ് 20-3-1979-ൽ ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുണ്ട്.

കമ്പാർട്ടുമെൻറൽ സിസ്റ്റം അനുസരിച്ച് എസ്. എസ്. എൽ. സി. പാസായവർ

1275 [2052] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പാർട്ടുമെൻറൽ സിസ്റ്റം അനുസരിച്ച് എസ്. എസ്. എൽ. സി. പാസായ എത്രപേർ കേരളത്തിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവർക്ക് ഉന്നതവിദ്യാഭ്യാസത്തിന് നിലവിലുള്ള തടസ്സങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തടസ്സങ്ങൾ നീക്കി സർവ്വകലാശാല പരീക്ഷകൾക്ക് പ്രൈവറ്റായി ചേരുന്നതിന് അവരേയും അനുവദിക്കുന്നതിന് ആവശ്യനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കമ്പാർട്ടുമെന്റൽ സിസ്റ്റം അനുസരിച്ചുമാത്രം എസ്. എസ്. എൽ. സി. പാസായവരുടെ കണക്ക് ലഭ്യമല്ല.

(ബി) ഉണ്ട്.

(സി) തൽക്കാലം സാദ്ധ്യമല്ല.

മലപ്പുറം ജില്ലയിൽ ഡി. ഇ. ഒ. ആഫീസും എ. ഇ. ഒ. ആഫീസും സ്ഥാപിക്കാൻ നടപടി

1276 [2053] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഒരു ഡി. ഇ. ഒ. ആഫീസും എ. ഇ. ഒ. ആഫീസും തുറക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) 100-ൽ അധികം വിദ്യാലയങ്ങളുള്ള പെരിന്തൽമണ്ണയിൽ ഒരു അഡീഷണൽ ഡി. ഇ. ഒ. യെ കൂടി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതുതായി ഡി. ഇ. ഒ. ആഫീസ് തുറക്കുന്നകാര്യം പരിഗണനയിലില്ല. എന്നാൽ ഒരു എ. ഇ. ഒ. ആഫീസ് തുറക്കുന്നകാര്യം പരിഗണനയിലുണ്ട്.

(ബി) എ. ഇ. ഒ. ആഫീസ് എവിടെ സ്ഥാപിക്കണമെന്നകാര്യം അന്തിമമായി തീരുമാനിച്ചിട്ടില്ല.

(സി) ഈ കാര്യം പരിശോധിക്കാവുന്നതാണ്.

കേരള വഖഫ് ബോർഡ്—കേരള ഹജ്ജ് കമ്മറ്റി

1277 [2054] ശ്രീ. പി. പി. വി. മൂസ്സ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വഖഫ് ബോർഡ്, കേരള ഹജ്ജ് കമ്മറ്റി എന്നിവയിലെ അംഗങ്ങൾ ആരൊക്കെയാണ്;

(ബി) അവർ ഏതു രാഷ്ട്രീയകക്ഷികളിൽപ്പെട്ടവരാണ്;

(സി) ഭരണകക്ഷിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും മുസ്ലീങ്ങളെ ഇതിൽ അംഗമായി എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly